(ഡി) സൗകര്യാവകാശം നൽകുന്നതിനു കൊണ്ടുവന്ന ഭേദഗതി നിയമം നടപ്പിലാക്കാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൗകര്യാവകാശം സംബന്ധിച്ച് സമർപ്പിച്ച കേസുകളിൽ തീർപ്പ് കല്പിച്ച് ഭൂമി അളന്ന് തിരിച്ചുകൊടുത്തിട്ടുണ്ട്.

(സി & ഡി) കാരായ്മ കുടിയാൻമാർക്ക് സൗകര്യാവകാശം അനുവദിച്ച കേസുകളിൽ പലതിലും ഭൂഉടമകൾ അപ്പലേറ്റ് കോടതിയിലും ഹൈക്കോടതിയിലും അപ്പീൽ നൽകിയിട്ടുണ്ട്. മിക്ക കേസുകളിലും സ്റ്റേ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാരിന് അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

സംസ്ഥാന സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി

17 [1308] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നാളിതുവരെ എത്ര ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്നും ഓരോ ജില്ലയിലും ആർക്കൊക്കെ എത്ര ഭൂമി വീതമാണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭൂമി എന്താവശ്യത്തിലേക്കാണ് നൽകിയിട്ടുള്ളതെന്നും പാട്ടവ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുന്ന രേഖ ലഭ്യമാക്കുമോ; ഇപ്പോൾ നൽകപ്പെട്ട ഭൂമി അതേ ആവശ്യത്തിലേക്കാണോ ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പാട്ടത്തിന് നൽകിയ ഭൂമി പാട്ടവ്യവസ്ഥകൾക്കനുസരിച്ചാണോ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ; അല്ലാത്ത പാട്ടകരാറുകൾ റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ പാട്ടത്തിന്റെയും പാട്ടത്തുക എത്രയാണെന്നും കുടിശ്ശിക എത്ര രൂപയുണ്ടെന്നും അവ പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ഇ) പാട്ടം റദ്ദ് ചെയ്ത് ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ആകെ 2633.3938 ഹെക്ടർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. കൈവശക്കാരുടെ പ്രത്യേകമായ ജില്ല തിരിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ചട്ടങ്ങൾ പ്രകാരം വാണിജ്യ/വാണിജ്യേതര ആവശ്യങ്ങൾക്കും 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് പാട്ടത്തിന് നൽകുന്നത്. ഇപ്പോൾ പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാട്ടത്തിന് നൽകിയ ഭൂമി പാട്ട വ്യവസ്ഥകൾക്കനുസരിച്ച് ഉപയോഗിക്കാത്ത കേസുകളിൽ പാട്ടം റദ്ദ് ചെയ്യുന്നതിനും ഭൂമി തിരിച്ചെടുക്കുന്നതിനും ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) തല്ക്കാലം പരിഗണനയിലില്ല.

ഇടുക്കി ജില്ലയിലെ വ്യാജ പട്ടയ വിതരണം

18 [1309] ശ്രീ. കെ. മുഹമ്മദാലി:
,, വി. ബാലറാം:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, വർക്കല കഹാർ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ, ഇടുക്കി വില്ലേജിൽ 1-1-1977-നുശേഷം ഏതെല്ലാം പ്രദേശത്താണ് പട്ടയം നൽകുവാൻ അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly